# പള്ളികഥകൾ

## മിനികഥകൾ എഴുപത്തി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്തായ കോരരാജനച്ചന്റെ കഥയാണ് ഇപ്പോൾ പറയുന്നത്. അദ്ദേഹമിപ്പോൾ അമേരിക്കയിലുള്ള ഒരു പള്ളിയിലെ പ്രായമായതെന്ന് തോന്നിക്കുന്ന അറുപതു കഴിഞ്ഞ ഒരച്ചനാണ്. അദ്ദേഹത്തെ അറിയുന്ന എല്ലാവരും അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് വളരെയധികം അറിവുണ്ടെന്നാണ് അദ്ദേഹവും മറ്റെല്ലാവരും ധരിച്ചിരിക്കുന്നത്. യാതൊരു തെറ്റു കുറ്റങ്ങളും കൂടാതെയുള്ള ഒരു ആരാധനയാണ് അദ്ദേഹം നടത്തുന്നത്. പ്രായമായതുകൊണ്ട് ചെറുപ്പകാലത്തേതു പോലെയുള്ള അത്ര സ്വരമാധുരി ഇല്ലന്നു മാത്രം.

# കൊച്ചുമക്കൾ

വളരെ ചെറുപ്പം മുതലേ അദ്ദേഹത്തിന് ഒരച്ചനാകണമെന്ന് വളരെ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ മെത്രാച്ചനാകണമെന്ന് തീരെ ആഗ്രഹമില്ലായിരുന്നു. വിവാഹ ജീവിതം അദ്ദേഹത്തിന് അത്ര പ്രിയമല്ലായിരുന്നു. പ്രാന്തപ്രദേശങ്ങളിലെ വളരെയധികം പേർ അമേരിക്കയിൽ നിന്നു വരികയും പ്രതാപങ്ങൾ കാണിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ വ്യാമോഹമല്ല, മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ ചെറിയ ഒരാഗ്രഹമായി വളന്നു കൊണ്ടിരുന്നു. സെമിനാരി പഠനം കഴിഞ്ഞ ശെമ്മാശ്ശൻ പ്രാർത്ഥനയിൽ ഇരിക്കുമ്പോഴാണ് നേഴ്സ് കുഞ്ഞമ്മ അമേരിക്കയിൽ നിന്ന് പറന്നു വന്നത്. നമ്മുടെ അച്ചൻ ചെറുപ്പം മുതലേ പ്രാർത്ഥനയിൽ വളരെ താല്പര്യമുണ്ടായിരുന്നു.

നേഴ്സ് കുഞ്ഞമ്മക്കും ഒരച്ചന്റെ ഭാര്യയായിരിക്കണമെന്ന് അതിയായ താല്പര്യമുണ്ടായിരുന്ന നല്ല ഒന്നാന്തം ഓർത്തഡോക്സ്കാരിയായിരുന്നു. ഈ രണ്ടു കുടുംബങ്ങളും വളരെ അടുത്തടുത്ത വീട്ടുകാരായിരുന്നു. കൂടാതെ ഒരേ ഇടവക പള്ളിക്കാരും. വിവാഹം കഴിക്കാത്ത സുന്ദരനായ ശെമ്മാശ്ശന്റെ മനോഹരമായ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ കുഞ്ഞമ്മക്ക് ശെമ്മാശ്ശനെ തന്നെ വിവാഹം കഴിക്കണമെന്ന് അതിയായ ആഗ്രഹവുമായി. വിവരം വീട്ടുകാർ തമ്മിൽ ആലോചിച്ചപ്പോൾ ആക്കും എതിരഭിപ്രായമില്ല. ഉടനെ തന്നെ അമേരിക്കയിൽ പോകുന്നതായതുകൊണ്ട് ശെമ്മാശ്ശനൊപ്പം അദ്ദേഹത്തിന്റെ വീട്ടുകാക്കും വളരെ സന്തോഷം. ശെമ്മാശ്ശന്റെ പ്രാർത്ഥനാ ജീവിതം കൊണ്ടാണ് ഇങ്ങിനെ മനസ്സിനിണങ്ങിയ ഒരു വിവാഹം ഒത്തു വന്നതെന്ന് പൊതുജനാഭിപ്രായം.

പെട്ടന്നു തന്നെ വിവാഹവും വലിയ താമസം കൂടാതെ അച്ചനായുള്ള പട്ടംകെട്ടലും എല്ലാം കഴിഞ്ഞു. ഓർത്തഡോക്സ് സഭയുടെ രീതി അനുസ്സരിച്ച് ഒരു വ്യക്തി അച്ചനായി പട്ടംകെട്ടുന്നതിന് മുമ്പു തന്നെ വിവാഹം കഴിക്കണമെങ്കിൽ കഴിക്കേണ്ടതാണ്.

അദ്ദേഹം അച്ചനായി ഏതാനം ദിവസം കഴിഞ്ഞപ്പോൾ കുഞ്ഞമ്മ നിറഞ്ഞ ആഹ്ളാദത്തോടെ അമേരിക്കയിലേക്ക് പറന്നു. "കണ്ടാലും ഇതു മുതൽ സകല ജാതികളും എന്നെ കൊച്ചമ്മയെന്ന് വിളിച്ച് ബഹുമാനിച്ചു തുടങ്ങും" എന്ന ആത്മ സംതൃപ്തി ഉള്ളിന്റെ ഉള്ളിൽ ആരുമറിയാതെ ഉണ്ടായിരുന്നു. അച്ചന്റെ ശ്രുതിമധുരമായ ആരാധന അവളുടെ ഹൃദയത്തിനുള്ളിലുണ്ടായിരുന്നു.

അമേരിക്കയിൽ ബി. എസ്സ്സി നേഴ്സായിരുന്ന അവൾ മാസ്റ്റേഴ്സ് മുഴുവനും തീത്ത് പരീക്ഷയും എഴുതിയതിനു ശേഷമായിരുന്നു കേരളത്തിലേക്ക് യാത്ര പുറപ്പെട്ടതും വിവാഹം കഴിച്ചതുമെല്ലാം. നമ്മുടെ കൊച്ചച്ചൻ പെട്ടന്നു തന്നെ അമേരിക്കയിൽ എത്തി ആ പഴയ കാലത്ത്. അന്ന് അമേരിക്കയുടെ പല സ്ഥലങ്ങളിലേയും പള്ളികളിലേക്ക് അച്ചന്മാരുടെ ആവശ്യകത ധാരാളമുണ്ടായിരുന്നു. അമേരിക്കയിലെ ഒരു ഗ്രാമത്തിലെ ഒരു ചെറിയ പള്ളിയിലേക്ക് അച്ചനെ അധികാരപ്പെടുത്തി. കുഞ്ഞമ്മയും അവിടെ അടുത്തുള്ള നല്ല ഒരു വലിയ ആശുപത്രിയിലെ നേഴ്സ് പ്രാക്ടീഷനറായി ജോലി കിട്ടി. എല്ലാം അച്ചന്റെ പ്രാർത്ഥനാ ജീവിതംകൊണ്ട് എന്ന് അവൾ വിശ്വസിച്ചു.

വളരെ താഴായ്മയുള്ള കുടുംബത്തിൽ ജനിച്ചു വളന്ന അച്ചൻ വളരെ കഠിനാദ്ധ്വാനിയുമായിരുന്നു. സമയം ഒട്ടും കളയാതെ അദ്ദേഹവും പഠിച്ച് കുഞ്ഞമ്മ ജോലി ചെയ്യുന്ന ആശുപത്രിയിൽ തന്നെ അച്ചനും ചാപ്ളിൽ ആയി ജോലി കിട്ടി. അതിനിടയിൽ അവക്ക് ദൈവം ഒരു മോളെ കൊടുത്തു. ഹന്നയെന്നവൾക്ക് പേരിട്ടു. പിന്നെ രണ്ടു വഷം കൂടി തുടരെ തുടരെ ഓരോ പെൺകുട്ടികളെ കൂടെ ദൈവം അവക്കു കൊടുത്തു. മറിയം എന്നും എലിശബത്ത് എന്നും അവക്ക് പേരിട്ടു.

മൂത്ത മകൾ വയറ്റിൽ ഉണ്ടായപ്പോൾ തന്നെ കൊച്ചമ്മ പറഞ്ഞു "യാതൊരു കാരണവശാലും മക്കളെ ശാസിക്കുകയോ ശിക്ഷിക്കുകയോ ഉപദേശിക്കുകയോ ചെയ്യാൻ പാടില്ല. കുഞ്ഞുങ്ങളെ കഷ്ടപ്പെട്ട് ഇത്രയും കാലം വയറ്റിൽ കൊണ്ടു നടന്നതും പ്രസവവേദന അറിഞ്ഞ് പെറ്റിട്ടതും അവരാണ്. കുടുംബ സമാധാനം പ്രധാന ലക്ഷ്യം വെച്ചുള്ള മിടുക്കനായ നമ്മുടെ അച്ചൻ കൊച്ചമ്മയുമായി വളരെ സഹകരിച്ചു. അടിച്ചതിലേ പോയില്ലങ്കിൽ, പോയതിലെ അടിക്കാം.

പെൺമക്കൾ മൂന്നും ഡോക്ടേഴ്സ് ആയി. അതും നല്ല അച്ചന്റെ പ്രാർത്ഥന കൊണ്ടു മാത്രമെന്ന് പൊതുജനം. ഹന്ന പാസായ് വന്നപ്പോൾ കൂടെ പഠിച്ച ഇറ്റലിക്കാരൻ ഡോക്ടറെ കെട്ടി. അത്രയും പണം ലാഭം, അച്ചൻ ആശ്വസിച്ചു. ആഭാടങ്ങളൊന്നുമില്ലാതെ അച്ചൻ തന്നെ കെട്ടിച്ചു; പക്ഷേ, അച്ചന്റെ ഇട നെഞ്ച് പൊട്ടിയത് ആരും അറിഞ്ഞില്ല. മറിയ പാസായ് വന്നപ്പോൾ കൂടെ പഠിച്ച ഒരു നീഗ്രോ ഡോക്ടറെ വരനായി സ്വീകരിച്ചു. അതും പഴയ പോലെതന്നെ അച്ചൻ തന്നെ കെട്ടിച്ചു. എലിശബേത്തിനെ പറ്റി അച്ചന് അവസാനം പ്രതീക്ഷ ഉണ്ടായിരുന്നതും നഷ്ടപ്പെട്ടു. കൂടെ പഠിച്ച ബമ്മാക്കാരൻ. എന്തായാലും മക്കളും മരുമക്കളുമെല്ലാമായി ആറു ഡോക്ടേഴ്സ്. അച്ചൻ ഭാഗ്യവാൻ, ജനം അസൂയ പൂണ്ടു. അച്ചൻ പച്ച വെള്ളത്തിൽ കിടന്ന് എരിപൊരി കൊള്ളുന്ന കാര്യം അച്ചനു മാത്രമറിയാം. "എന്റെ അച്ചാ ദൈവം നമ്മളെ ഇത്രയും അധികം അനുഗ്രഹിച്ചതിന് ദൈവത്തിന് നന്ദി പറയുകയല്ലേ വേണ്ടത്; നെഹ്റു കുടുംബത്തിൽ തന്നെ നാനാ ജാതിമതസ്ഥരില്ലേ. വലിയ വലിയ വീടുകളിലെല്ലാമങ്ങിനെയാണ്" കൊച്ചമ്മ ആശ്വസിച്ചു. ഹന്നായ്ക്ക് അഞ്ച്, മൂന്ന്, ഒന്ന് പ്രായത്തിൽ മൂന്ന് ആൺമക്കൾ; മറിയത്തിന് മൂന്ന്, ഒന്ന് പ്രായത്തിൽ രണ്ടാൺമക്കൾ, എലിശബേത്തിന് രണ്ട് വയസ്സുള്ള ഒരു മകൻ.

മക്കളും മരുമക്കളും കൊച്ചുമക്കളും എല്ലാം എല്ലാ വിശേഷ ദിവസങ്ങളിലും പള്ളിയിൽ വന്ന് വിശുദ്ധ കുമ്പാനയും കൊണ്ട് പോകും. കൊച്ചുമക്കളെല്ലാം കൂടെ പള്ളിയിൽ ഓട്ടവും ചാട്ടവും ഗുസ്തിയും എല്ലാം ബഹളം തന്നെ. ഒരു പള്ളിപെരുന്നാൾ ദിവസം അവർ എല്ലാം കൂടെ ഗുസ്തി പിടിച്ച് പള്ളിയുടെ നടുവിലിരുന്ന പുല്ലേ വിളക്ക് (പള്ളിയുടെ നടുവിലിരിക്കുന്ന നില വിളക്കിന് ഓർത്തഡോക്സ്കാർ വിളിക്കുന്നത് അങ്ങിനെ) മറിഞ്ഞ് താഴെ വീണ് നടുക്കുകൂടെ വിരിച്ചിട്ടിരുന്ന ചുവന്ന കാർപ്പറ്റിന് തീ പിടിച്ച് തീ ആളി പടന്നു. എന്തായാലും ആരാധന എല്ലാം കഴിഞ്ഞ സമയമായത് ദൈവാധീനം. അച്ചന്റെ ഹൃദയത്തിൽ അഗ്നിപവ്വതം പൊട്ടിയൊലിച്ചു.